## 14

# എല്ലാറ്റിനും ഒരു ആദ്യസമയം

**വായനാ പ്രവർത്തനം #4**

III. യേശുവിന്റെ ശുശ്രൂഷയുടെ ആരംഭം (തുടർച്ച).

D. യേശുവിന്റെ ആദ്യ ശിഷ്യന്മാർ (യെഹൂദ്യയിൽ) (യോഹ. 1:35–51).

E. യേശുവിന്റെ ആദ്യത്തെ അത്ഭുതം (ഗലീലിയിലെ കാനാവിൽ) (യോഹ. 2:1–11).

F. കഫർന്നഹൂമിലെ യേശുവിന്റെ ആദ്യ താമസം (ഗലീലിയിൽ) (യോഹ. 2:12).

IV. ഒന്നാമത്തെ പെസഹാ മുതൽ രണ്ടാമത്തേതുവരെ.[1]

A. യേശുവിന്റെ ശുശ്രൂഷയിലെ ആദ്യപെസഹ.

1. ദൈവാലയ ശുദ്ധീകരണം (യോഹ 2:13–25).
2. നിക്കൊദെമോസിനെ ഉപദേശിക്കുന്നു (യോഹ 3:1–21).

B. യെഹൂദ്യയിലെ ആദ്യശുശ്രൂഷ (യോഹന്നാന്റെ കൂടുതൽ സാക്ഷ്യവും) (യോഹ 3:22–36).

**മുഖവുര**

എല്ലാറ്റിനും ഒരു ആദ്യസമയം ഉണ്ടെന്നു പറയപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ പാഠങ്ങളിൽ, യേശുവിന്റെ പരസ്യശുശ്രൂഷയിലെ പല "ആദ്യ" സംഭവങ്ങളെ നാം കാണുകയുണ്ടായി, എന്നാൽ ഈ പാഠത്തിൽ അവ നിറയെ ഉണ്ട്.

യേശുവിന്റെ ശുശ്രൂഷയിലെ പ്രാരംഭ കാലത്തെ വിളിച്ചിരിക്കുന്നത് "മറഞ്ഞിരിക്കുന്ന കാലം" എന്നാണ്. ഒരേ കാഴ്ച്ചപ്പാടുള്ള എഴുത്തുകാർ യേശുവിന്റെ പരസ്യശുശ്രൂഷയെ കുറിച്ചുള്ള വിവരണം ആരംഭിക്കുന്നത് പിന്നീട് ഗലീലയിലെ വിജയത്തെ കേന്ദ്രീകരിക്കുന്ന കാലത്തോടെയാണ്. പകിട്ടു കുറഞ്ഞ ആരംഭ കാലത്തെ കുറിച്ചു, നാം അറിയണമെന്നു യോഹന്നാൻ ആഗ്രഹിച്ചു.

**ആദ്യ ശിഷ്യന്മാർ (യോഹ. 1:35-51)**

"അടുത്തിരിക്കുന്നു!" എന്ന പാഠം അവസാനിച്ചത് യേശുവിനെ കുറിച്ചു യോഹന്നാൻ സ്നാപകന്റെ ആദ്യസാക്ഷ്യം പറയുന്നതോടെ യാണ്: "ഇതാ, ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്!" (വാ. 29). അടുത്ത ദിവസം, യോഹന്നാൻ തന്റെ രണ്ടു ശിഷ്യന്മാരോടൊപ്പമായിരുന്നു. ഒരാൾ ശിമോൻ പത്രൊസിന്റെ സഹോദരനായ, അന്ത്രെയാസ് ആയിരുന്നു (വാ. 40). മറ്റെ ആൾ ഒരു പക്ഷെ നാലാമത്തെ വിവരണത്തിന്റെ[2] ലേഖകനായ, യോഹന്നാൻ ആയിരുന്നേക്കാം. ചില കാരണങ്ങൾ കൊണ്ടു, യോഹന്നാൻ തന്റെ പേർ[3] വെളിപ്പെടുത്തുവാൻ തയ്യാറായില്ല.

യേശു വരുന്നതു കണ്ട്, ആ പ്രാസംഗികൻ വീണ്ടും പറഞ്ഞു, "ഇതാ,

ദൈവത്തിന്റെ കുഞ്ഞാട്!'' (വാ. 36). അവന്റെ രണ്ടു ശിഷ്യന്മാർ ക്രിസ്തുവിനെ അനുഗമിക്കയും പകൽ മുഴുവൻ അവനോടൊപ്പം ചെലവഴിക്കുകയും ചെയ്തു (വാ. 37–39). വേദഭാഗത്തിൽ സമയം പറയുന്നതു: "പത്താം മണി നേരം" എന്നാണ് (വാ. 39). യോഹന്നാൻ കണക്കാക്കിയതു യെഹൂദ സമയമാണെങ്കിൽ, അതു നമ്മുടെ വൈകുന്നേരം 4.00 മണിയാകാം.[4] അവൻ ഉപയോഗിച്ചതു റോമൻ സമയം ആണെങ്കിൽ, അതു നമ്മുടെ കാലത്തുള്ള 10.00 മണിയാണ്.[5] പേർ പറയാത്ത ശിഷ്യൻ യോഹന്നാനാണെന്നു കരുതുകയാണെങ്കിൽ, ആ യഥാർത്ഥ സമയം അവൻ ഓർമ്മിച്ചതുകൊണ്ട് ആ സന്ദർഭം വളരെ എളുപ്പം ഓർമ്മിക്കാവുന്നതായിരുന്നു.

യേശുവിനോടൊപ്പം ഏതാനും മണിക്കൂറുകൾ ചിലവിട്ട ശേഷം, അന്ത്രെയാസ് അവന്റെ സഹോദരനായ ശീമോനെ കണ്ടു അവനെ ക്രിസ്തുവിന്റെ അടുക്കലേക്ക് കൊണ്ടുവന്നു (വാ. 40–42). മറ്റുള്ളവരെ യേശുവിങ്കലേക്ക് കൊണ്ടുവരുന്നതായിരുന്നു അന്ത്രെയാസിന്റെ താലന്തുകളിലൊന്ന് (നോക്കുക യോഹന്നാൻ 6:8, 9; 12:20–22). അന്ത്രെയാസ് ശിമോനോടു പറഞ്ഞ വാക്കുകൾ ശ്രദ്ധിക്കത്തക്ക വിലയുള്ളതാണ്: "'ഞങ്ങൾ മശി ഹയെ കണ്ടു' (തർജിമ ചെയ്തിരിക്കുന്നതിന്റെ അർത്ഥം ക്രിസ്തു എന്നാണ്)" (1:41). താൻ ആരായിരുന്നു എന്നു യേശുവിന്റെ ആദ്യ ശിഷ്യന്മാർ അവനെ തിരിച്ചറിഞ്ഞിരുന്നു (കൂടാതെ വാ. 45, 49 നോക്കുക).[6]

യേശു ശിമോനെ കണ്ടപ്പോൾ, അവനെ ഇനി "കേഫാ" അല്ലെങ്കിൽ "പത്രൊസ്'' എന്നാണ് വിളിക്കുക എന്നു പറഞ്ഞു. ആദ്യത്തെ പേര് അരാമ്യഭാഷയിലും, രണ്ടാമത്തേതു ഗ്രീക്ക് ഭാഷയിലും ഉള്ളതാണ്; രണ്ടിന്റേയും അർത്ഥം "പാറ" എന്നാണ്. യേശു നമ്മിലെല്ലാവരിലുമുള്ള ശക്തി കാണുന്നതുപോലെ, ആ മനുഷ്യനിലെ ഗുണഫലങ്ങൾക്കുള്ള സാധ്യത അവനിൽ കണ്ടിരുന്നു.

അടുത്ത ദിവസം, യേശു ഗലീലെക്കു മടങ്ങുവാൻ ഒരുങ്ങിയപ്പോൾ, അവൻ യോഹന്നാൻ സ്നാപകന്റെ ശിഷ്യനെ പോലെയായിരുന്ന, ഫിലിപ്പൊസിനെ വിളിച്ചു. ക്രിസ്തുവിന്റെ ശിഷ്യത്വത്തിലേക്കു അന്നും ഇന്നുമുള്ള വിളി "എന്നെ അനുഗമിക്ക" എന്നാണ് (വാ. 43). ഫിലിപ്പൊസ് ഉടനെ തന്റെ സ്നേഹിതനായിരുന്ന നഥനയേലിനെ കണ്ടു അവനെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു (വാ. 45, 46).

നഥനയേലിന്റെ സ്വഭാവത്തെയും ജീവിതത്തെയും വിശദമായി പറഞ്ഞുകൊണ്ട് യേശു അവനെ അത്ഭുതപ്പെടുത്തി (വാ. 47–49). ''നീ ഇതിനേക്കാൾ വലിയതു കാണും,'' എന്നു യേശു അവനോടു പറഞ്ഞു (വാ. 50).[7] നഥനയേൽ ആരായിരുന്നു എന്നു നമുക്ക് അറിയില്ല, എന്നാൽ അവൻ യേശുവിന്റെ പന്ത്രണ്ടു അപ്പൊസ്തലന്മാരിൽ[8] ഒരാളായിരുന്ന, ബെർത്തലൊമായി ആയിരുന്നു എന്നു കരുതപ്പെടുന്നു.

അങ്ങനെ യേശുവിനു തന്റെ ആദ്യത്തെ ചെറിയ കൂട്ടം ശിഷ്യന്മാരെ ലഭിച്ചു (2:2 നോക്കുക).[9] ഗ്രീക്ക് വാക്കിന്റെ തർജ്ജിമയായ "ശിഷ്യൻ" എന്നത് അടിസ്ഥാനപരമായി അർത്ഥമാക്കുന്നത് "പഠിക്കുന്നവൻ" എന്നാണ്. അതു സൂചിപ്പിക്കുന്നതു ഒരാളെ അയാളിൽ നിന്നു പഠിക്കുന്നതിനായി അനുഗമിക്കുന്നവനെയാണ്. നാമെല്ലാവരും അവന്റെ ശിഷ്യന്മാരാകണം[10] എന്നാണ് യേശു ആഗ്രഹിക്കുന്നത്.

### ആദ്യത്തെ അത്ഭുതം (യോഹ. 2:1-11)

യേശുവും ശിഷ്യന്മാരും വടക്കുള്ള ഗലീലയിലേക്കു പോയി. മൂന്നാം നാൾ, അവർ ഗലീലയിലെ കാനാവിൽ എത്തി, അതു നസറെത്തിൽ[11] നിന്നു അധികം ദൂരത്തിലല്ലാത്ത ഒരു ഗ്രാമവും നഥനയേലിന്റെ ജന്മസ്ഥല വുമായിരുന്നു (യോഹന്നാൻ 21:2). അവർ ഒരു വിവാഹത്തിൽ പങ്കെടുക്കുവാൻ വന്നതായിരുന്നു (2:1, 2). താൻ രക്ഷിക്കുവാൻ വന്നവരുടെ ജീവിതത്തിൽ യേശു ഇടപെട്ടിരുന്നു.

യേശുവിന്റെ അമ്മയായ, മറിയയും, വന്നിരുന്നു (വാ. 1). തുടർന്നു നടന്ന സംഭവം സൂചിപ്പിക്കുന്നതു അവൾ കല്ല്യാണവീട്ടുകാരെ സഹാ യിക്കുവാൻ വന്നിരുന്നു എന്നാണ് (നോക്കുക വാ. 3, 5). ഒരുപക്ഷെ അവളുടെ സ്നേഹിതയോ അല്ലെങ്കിൽ ബന്ധുവോ ആയിരിക്കാം വിവാഹിതയാകുവാൻ പോകുന്നത്.

ആഘോഷത്തിനിടയിൽ, അവരുടെ വീഞ്ഞ് തീർന്നു പോയി. ഒരു പക്ഷെ വിചാരിച്ചതിലും കൂടുതൽ ആളുകൾ വന്നിരിക്കാം. എങ്ങനെ യായാലും, അതു തീർച്ചയായും അവരെ ലജ്ജിപ്പിക്കുന്ന സാഹചര്യം തന്നെയായിരുന്നു. മറിയ വന്നു തന്റെ മകനോടു, "അവർക്ക് വീഞ്ഞു ഇല്ല" എന്നു പറഞ്ഞു (വാ.3). അവൻ എന്തു ചെയ്യണമെന്നാണ് അവൾ ആഗ്രഹിച്ചതെന്നു, നമുക്ക് അറിയില്ല; കാരണം മുൻപു അവൻ അത്ഭുതമൊന്നും ചെയ്തിട്ടില്ല (വാ. 11). എങ്ങനെയായാലും, ഏതാനും വർഷമായി അവനെ കൂടുതലും ആശ്രയിച്ചു കഴിയുകയായിരുന്ന അവൾ അവനു *എന്തെങ്കിലും* ചെയ്യുവാൻ കഴിയുമെന്നു വിചാരിച്ചു.

യേശുവിന്റെ ഉത്തരം പ്രാധാന്യമുള്ളതാണ്: "സ്ത്രീയേ, എനിക്കും നിനക്കും തമ്മിൽ എന്ത്? എന്റെ നാഴിക ഇതുവരെ വന്നിട്ടില്ല"[12] (വാ. 4). ആ സമൂഹത്തിൽ, ആരെങ്കിലും തന്റെ അമ്മയെ "സ്ത്രീ" എന്നു വിളിക്കുന്നതു പരിഹാസ്യമല്ലായിരുന്നു.[13] (ആ വാക്ക് മൃദുലമായി പിന്നെ ഉപയോഗിച്ചിട്ടുണ്ട് [യോഹന്നാൻ 19:26].) എന്നിരുന്നാലും, ക്രിസ്തുവിന്റെ വാക്കുകൾ അല്പം ശാസന കലർന്നതായിരുന്നു. "യേശു അവളുടെ മകനായിരുന്നെങ്കിലും, അവൻ അവൾക്ക് 'അവകാശ' പ്പെട്ടിരുന്നില്ല എന്ന തിരിച്ചറിവിന്, മേരിയെ പ്രാപ്തയാ ക്കുവാൻ" ഉദ്ദേശിച്ചുള്ള മൂന്ന് ശാസനകളിൽ ഒന്നാണ് അതെന്ന് ഏണെസ്റ്റ് ഹോസർ എഴുതിയിട്ടുണ്ട്. ഇവിടെ ക്രിസ്തുവിന്റെ പ്രസ്താവന "യേശു തന്റെ ഭൗമിക ബന്ധങ്ങൾ, അപ്പോൾ മുതൽ, പരിമിതമാക്കേണ്ടതുണ്ട് എന്നത് തെളിയിക്കുന്നു"[14] എന്നും ഹോസർ ചേർത്തു.

മറിയ ഭയപ്പെട്ടില്ല. അവൾ ശുശ്രൂഷക്കാരോട്, "അവൻ എന്തെങ്കിലും പറഞ്ഞാൽ, അതു ചെയ്വിൻ" എന്നു പറഞ്ഞു (വാ. 5) – ആർക്കും അത് നല്ല ഒരു ഉപദേശമാണ്! ദാസന്മാർക്കു അറിയാവുന്നിടത്തോളം തന്റെ അത്ഭുതശക്തിയുടെ ആ ഉപയോഗം അവരുടെ ഉദ്ദേശവുമായി (നന്മ ചെയ്യുവാൻ) യോജിക്കാത്തതോ അവന്റെ "നാഴിക" യെ (അവന്റെ മരിക്കുവാനുള്ള സമയം) ത്വരിതപ്പെ ടുത്തുന്നതോ ആയിരിക്കയില്ല എന്നു യേശു അപ്പോൾ തീരുമാനിച്ചു. പിന്നെ വെള്ളം വീഞ്ഞാക്കി മാറ്റുന്ന വളരെ പ്രസിദ്ധമായ അത്ഭുതം അവൻ ചെയ്തു (വാ. 6–10).

ആ സംഭവം ലഹരിപദാർത്ഥം ഉപയോഗിക്കുവാൻ യേശു അനു വദിച്ചിരുന്നു എന്നതിന് തെളിവു നൽകുന്നുണ്ടോ ഇല്ലയോ എന്ന കാര്യത്തിൽ വിവാദം ഉടലെടുത്തിട്ടുണ്ട്. "വീഞ്ഞ്" എന്ന വാക്കിനെയും

വാക്യം 10–ൽ രേഖപ്പെടുത്തിയിരിക്കുന്ന അതിനെ കുറിച്ചുള്ള അഭിപ്രായത്തെയും ഒരുവശം എടുത്തു കാണിക്കുന്നു. മറ്റൊരു വശം പറയുന്നതു യേശു അന്ന് 120 ഗ്യാലനും 180 ഗ്യാലനും ഇടക്ക് വീഞ്ഞുണ്ടാക്കി എന്നാണ്;[15] ആ വീഞ്ഞിൽ ലഹരിപദാർത്ഥം അടങ്ങിയിരുന്നെങ്കിൽ,[16] യേശു മദ്യപാനത്തെ പ്രോൽസാഹിപ്പിക്കുകയാകും ചെയ്യുക – അതു തിരുവെഴുത്തിലുടനീളം വിലക്കിയിട്ടുള്ള ഒന്നാണ് (സദൃശവാക്യം 20:1; ഗലാത്യർ 5:21). എങ്ങനെയായാലും, ആ ചോദ്യ ത്തിനുള്ള ഉത്തരം, ആ വേദഭാഗം നൽകുന്നില്ല.[17] "വീഞ്ഞ്" (*ഓയി നോസ്*) എന്നു തർജ്ജിമ ചെയ്ത ഗ്രീക്ക് വാക്ക് വീഞ്ഞിനുള്ള പൊതുവായ വാക്കും പഴയനിയമത്തിൽ[18] പോലും മുന്തിരി പിഴിഞ്ഞ ജൂസിനെ സൂചിപ്പിക്കുവാൻ ഉപയോഗിച്ചിരുന്നതുമാണ് (യെശയ്യാവ് 65:8).

അത്തരം വിവാദം നഷ്ടപ്പെടുത്തുന്നത് ആ വേദഭാഗത്തിന്റെ പ്രാധാന്യത്തെയാണ്: ശാന്തമായ, മിക്കവാറും അറിയപ്പെടാത്ത, ഒരു ചെറിയ കുഗ്രാമത്തിലാണ്, യേശു തന്റെ ആത്മിയ ശക്തി വെളിപ്പെടുത്തി തുടങ്ങിയത്. അവൻ തന്റെ ആദ്യത്തെ അത്ഭുതം ചെയ്തതു!

ഇന്നു നാം എന്തെങ്കിലും ശ്രദ്ധേയമായ കാര്യം നടന്നാൽ അതിനെ "അത്ഭുതം" എന്ന വാക്കുപയോഗിച്ചു പറയാറുണ്ട്. ബൈബിൾ ആ വാക്ക് ഒരു പ്രത്യേക അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നതു ഒരു അമാനുഷിക പ്രവർത്തിയെ സൂചിപ്പിക്കുവാനാണ്. യേശു തന്റെ ജീവിതത്തിലെ ആദ്യത്തെ മുപ്പതുവർഷക്കാലം *ശ്രദ്ധേയമായ* പല കാര്യങ്ങളും തീർച്ചയായും ചെയ്തിട്ടുണ്ട്, എന്നാൽ ഇതു ആദ്യമായിട്ടാണ് യേശു തന്റെ *അമാനുഷിക* ശക്തി ഉപയോഗിക്കുന്നത്. നാം ഈ പ്രപഞ്ചലോകത്തിൽ ജീവിക്കുന്നതുകൊണ്ട്, അമാനുഷമായവയെ നമ്മുടെ കഴിവുകൊണ്ട് വിശദമാക്കുവാൻ പ്രയാസമാണ്. ആ വിഷയത്തെ കുറിച്ചു ബൈബിൾ പറയുന്നത്, നാം വിശ്വാസത്താൽ സ്വീകരിക്കുന്നു.

സംഭവത്തിന്റെ പ്രാധാന്യം യോഹന്നാൻ നഷ്ടമാക്കിയില്ല. അത്ഭുതത്തിനു അവൻ തനിക്കു പ്രിയമായ വാക്ക് ഉപയോഗിച്ചു: "അടയാളം"[19] (വാ. 11). അവൻ വാസ്തവത്തിൽ ദൈവത്തിൽ നിന്നുവന്നവനാണെന്നു തെളിയിക്കുന്ന അടയാളമായിരുന്നു യേശു ചെയ്തത്! ക്രിസ്തു തന്റെ "മഹത്വം വെളിപ്പെടുത്തി" യതായും യോഹന്നാൻ ശ്രദ്ധിക്കയുണ്ടായി (വാ. 11)! അതു താൻ ചെയ്യുവാനിരിക്കുന്ന മഹത്തായ പ്രവൃത്തികളുടെ ഒരു മുന്നോടിയായിരുന്നു. കൂടാതെ, ആ ആദ്യ "അടയാള" ത്തിന്റെ ഫലമായി, "അവന്റെ ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു" (വാ. 11). യേശു മശിഹ തന്നെ എന്ന അവരുടെ വിശ്വാസം വർദ്ധിച്ചു!

### കഫർന്നഹൂമിലെ ആദ്യതാമസം (യോഹ. 2:12)

കാനാവിൽനിന്നും, യേശു വടക്കു കിഴക്കോട്ട് സഞ്ചരിച്ചു.[20] "അനന്തരം, അവനും അവന്റെ അമ്മയും സഹോദരന്മാരും ശിഷ്യന്മാരും കഫർന്നഹൂമിലേക്ക് പോയി; അവിടെ കുറച്ചു നാൾ മാത്രം പാർത്തു" (വാ. 12). കഫർന്നഹൂം എന്നത് ഗലീലാ കടൽക്കരയിലെ വ്യവസായത്തിരക്കുള്ള ഒരു പട്ടണമായിരുന്നു, അന്ത്രെയാസിന്റേയും ശിമോന്റേയും ജന്മസ്ഥലമായിരുന്ന, ബേത്ത്സയിദയിൽനിന്നു അതു അധികം ദൂരെ ആയിരുന്നില്ല

(യോഹന്നാൻ 1:44).[21] പാലസ്തീൻ വഴി കിഴക്കു-പടിഞ്ഞാറായി കടന്നു പോകുന്ന ഒരു പ്രധാനപ്പെട്ട ഹൈവേയിൽ നിന്നു അധികം ദൂരെ ആയിരുന്നില്ല പട്ടണം. പിന്നീട് ആ പട്ടണം യേശുവിന്റെ പ്രവർത്തനങ്ങളുടെ കേന്ദ്രമാകുന്നു (മത്തായി 4:13).

### ആദ്യത്തെ പെസഹ (യോഹ. 2:13-25)

പെസഹാ പെരുന്നാളിൽ[22] പങ്കെടുക്കേണ്ടതുകൊണ്ട് യേശു തന്റെ കഫർന്നഹൂം സന്ദർശനം വെട്ടിച്ചുരുക്കി. യേശു തന്റെ പന്ത്രണ്ടു വയസ്സു മുതൽ ആ പെരുന്നാളിൽ പങ്കെടുക്കുവാൻ തുടർച്ചയായി പോയിരുന്നു എന്നു നമുക്ക് ഉറപ്പിക്കാം (ലൂക്കൊസ് 2:41, 42), എന്നാൽ ഇതു അവന്റെ പരസ്യ ശുശ്രൂഷ[23] തുടങ്ങിയശേഷമുള്ള ആദ്യത്തെ പെസഹയായിരുന്നു. തന്റെ ശുശ്രൂഷ ആരംഭിച്ച ശേഷമുള്ള അവന്റെ ആദ്യത്തെ പരസ്യമായ പ്രത്യക്ഷപ്പെടലുമായിരുന്നു അത്. അവന്റെ ആദ്യ ദൈവാലയ ശുദ്ധീകരണത്തോടെ,[24] നാടകീയമായാണ് അത് തുടങ്ങിയത്! മുഖ്യ യെഹൂദപെരുന്നാളുകൾക്ക് ലോകമെമ്പാടുമുള്ള യെഹൂദന്മാർ വന്നുചേരുന്നതുകൊണ്ട് ദൈവാലയം ഒരു വ്യാപാര കേന്ദ്രമായി മാറിയിരുന്നു (നോക്കുക പ്രവൃത്തികൾ 2:5, 9–11). അര ശേക്കേൽ[25] വീതം ഓരോ യെഹൂദനും വർഷത്തിൽ ദൈവാലയ നികുതി കൊടുക്കണ മായിരുന്നു. അതു വിദേശ നാണ്യത്തിൽ നൽകുവാൻ ദൈവാലയ അധികാരികൾ അനുവദിച്ചിരുന്നില്ല, അതുകൊണ്ട് നാണയവിനിമയക്കാർ ആവശ്യമായിരുന്നു. പെരുന്നാളുകളിൽ[26] ഓരോ യെഹൂദനും പ്രത്യേകമായ മൃഗയാഗം അർപ്പിക്കേണ്ടിയിരുന്നു. മറ്റു രാജ്യങ്ങളിൽ നിന്നു വരുന്ന യെഹൂദന്മാർക്ക് മൃഗങ്ങളെ കൊണ്ടുവരുന്നതു പ്രയാസമായിരു ന്നതുകൊണ്ട്, അവർ അവിടെ എത്തിയ ശേഷമാണ് അവയെ വാങ്ങിയിരുന്നത്. അങ്ങനെ ദൈവാലയത്തിൽ മൃഗങ്ങളെ കൊണ്ടുവന്നുള്ള വില്പന തുടങ്ങി. ആ വില്പനകൾ നടത്തിയിരുന്നത് വ്യക്തമായും ജാതികളുടെ[27] പ്രാകാരത്തിലായിരുന്നു. ലോക-സഞ്ചാരികൾക്കുള്ള ഒരു സേവനമായിട്ടായിരിക്കും അവർ അതു തുടങ്ങിയിരിക്കുക, എന്നാൽ പിന്നിട് അതു പുരോഹിതന്മാരുടെ നിയന്ത്രണത്തിലുള്ള പണ സമ്പാദ്യമായി തരം താഴ്ന്നു.

ദൈവേഷ്ടത്തെയും ദൈവാലയത്തെ കുറിച്ചുള്ള അവന്റെ എരിവി നെയും സംബന്ധിച്ച് യേശുവിന്റെ ആദ്യത്തെ പരസ്യപ്രവൃത്തി ഒരു പ്രസ്താവന നടത്തി. വ്യാപാരികളെ ദൈവാലയത്തിൽനിന്നു പുറത്താക്കിയ പ്പോൾ, അവൻ പറഞ്ഞു, "എന്റെ പിതാവിന്റെ ആലയം വാണിഭശാല ആക്കരുത്" (വാ. 16). പിന്നീട്, അതുപോലെയുള്ള ഒരു സന്ദർഭത്തിൽ, അവൻ പറയുന്നു, "'എന്റെ ആലയം പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും,' എന്നു എഴുതിയിരിക്കുന്നു; നിങ്ങളോ അതിനെ കള്ളന്മാരുടെ ഗുഹയാക്കി ത്തീർക്കുന്നു" (മത്തായി 21:13).

യേശുവിൽ ദൈവത്താൽ-നൽകിയതായ അധികാരത്തെ കുറിച്ചും യേശുവിന്റെ ആദ്യത്തെ പരസ്യപ്രവൃത്തി ഒരു പ്രസ്താവന നടത്തുന്നുണ്ട് (മത്തായി 3:17; മത്തായി 7:29 നോക്കുക). ദേഷ്യത്തോടെ, അവന്റെ അധികാരത്തെ ദൈവാലയ അധികാരികൾ വെല്ലുവിളിച്ചു. ന്യൂ ലിവിങ്ങ് ട്രാൻസ്ലേഷനിൽ യോഹന്നാൻ 2:18 പറയുന്നത്, "'എന്തധികാരം കൊണ്ടാണ്

നീ ഇതെല്ലാം ചെയ്യുന്നത്?' യെഹൂദപ്രമാണിമാർ ചോദിച്ചു. 'നിനക്ക് ഈ അധികാരം ഉള്ളത് ദൈവത്തിൽ നിന്നാണെങ്കിൽ, നീ ഒരു അത്ഭുതകരമായ അടയാളത്താൽ അതു തെളിയിക്കുക.'"

കണ്ടു വിശ്വസിക്കുവാൻ ആഗ്രഹിക്കുന്നവർക്ക്, തന്റെ ശുശ്രൂഷ ക്കിടയിൽ യേശു ധാരാളം അടയാളങ്ങൾ നൽകുന്നുണ്ട് (നോക്കുക വാ. 23), എന്നാൽ ഏറ്റവും മുഖ്യമായ അത്ഭുതം അവന്റെ ഉയിർത്തെഴു ന്നേൽപായിരിക്കും (റോമർ 1:4). അതുകൊണ്ടു അവൻ ഉത്തരം പറഞ്ഞു, "ഈ മന്ദിരം പൊളിപ്പിൻ,[28] ഞാൻ ഇതിനെ മൂന്നു ദിവസം കൊണ്ടു പണിയാം" (യോഹന്നാൻ 2:19). "അവൻ തന്റെ ശരീരം എന്ന മന്ദിരത്തെ കുറിച്ച് ആയിരുന്നു പറഞ്ഞത്" (വാ. 21), പക്ഷെ അവന്റെ ശത്രുക്കൾ അവനെ തെറ്റിദ്ധരിച്ചു (വാ. 20[29]), മാർബിളും പൊന്നും കൊണ്ടുണ്ടാക്കിയ കെട്ടിടത്തെ കുറിച്ചു മാത്രമെ അവർക്കു ചിന്തിക്കുവാൻ കഴിഞ്ഞുള്ളൂ.[30]

യേശു യെരുശലേമിലായിരുന്നപ്പോൾ, അവൻ പരസ്യമായി തന്റെ ആദ്യ അത്ഭുതങ്ങൾ ചെയ്തു (വാ. 23). ആ അത്ഭുതങ്ങളുടെ സ്വഭാവം നമ്മോട് പറഞ്ഞിട്ടില്ല, എന്നാൽ അതിൽ രോഗശാന്തിയും ഉൾപ്പെട്ടിരു ന്നേക്കാം (മത്തായി 4:23).[31] വിശ്വാസികളുടെ എണ്ണം വർദ്ധിക്കുവാൻ തുടങ്ങി (യോഹന്നാൻ 2:23), എന്നാൽ അവർ അല്പ വിശ്വാസികളായിരുന്നു എന്നു യേശുവിനറിയാമായിരുന്നു (വാ. 24, 25). ലിവിങ്ങ് ബൈബിളിൽ വാക്യം 25–നെ മറ്റൊരു രീതിയിൽ വ്യക്തമാക്കിയിരിക്കുന്നു, "മനുഷ്യരുടെ സ്വഭാവം എത്ര മാറുന്നതാണെന്നു അവനോട് ആരും പറയേണ്ട ആവശ്യമില്ല!"

### ആദ്യത്തെ വിപുലമായ പ്രസംഗം
### (യോഹ. 3:1-21)

യേശു യെരുശലേമിൽ ആയിരുന്നപ്പോൾ, "യെഹൂദന്മാരുടെ പ്രമാണി"[32] ആയിരുന്ന നിക്കൊദേമൊസ് ഒരു രാത്രിയിൽ യേശുവിനെ കാണുവാൻ വന്നു (വാ. 1, 2). നിക്കൊദേമൊസ് "രാത്രിയിൽ ... വന്നു" എന്ന വസ്തുതയിൽ ചില പ്രാധാന്യം ഉണ്ടാവാം (യോഹന്നാൻ 19:39); ഒരു പക്ഷെ അവനിലുള്ള[33] അധൈര്യത്തെ ആയിരിക്കാം അത് സൂചിപ്പിക്കുന്നത്. യേശുവിന്റെ അത്ഭുതങ്ങളിൽ ആകൃഷ്ടരായവരിൽ ഒരാളായിരുന്നു അവൻ (2:23). അവൻ പറഞ്ഞു, "റബ്ബീ,[34] നീ ദൈവത്തിന്റെ അടുക്കൽനിന്നു ഉപദേഷ്ടാവായി വന്നിരിക്കുന്നു എന്നു ഞങ്ങൾ അറിയുന്നു; ദൈവം തന്നോടുകൂടെ ഇല്ലെങ്കിൽ നീ ചെയ്യുന്ന ഈ അടയാളങ്ങൾ ചെയ്യുവാൻ ആർക്കും കഴിയുകയില്ല" (3:2).

മനുഷ്യരുടെ ഹൃദയവിചാരങ്ങൾ, യേശുവിനു അറിയാമായിരു ന്നതുകൊണ്ട് (2:24, 25), നിക്കൊദേമൊസ് വന്നതിന്റെ ഉദ്ദേശം അവൻ മനസിലാക്കിയിരുന്നു. മശിഹയുടെ രാജ്യത്തെ കുറിച്ച് ആ യെഹൂദ പ്രമാണിയിൽ ചോദ്യങ്ങളുണ്ടായിരുന്നു. രാജ്യത്തെ കുറിച്ചു യെഹൂദ ന്മാർക്കു പൊതുവിലുള്ള തെറ്റായ ആശയങ്ങളും അവനിൽ ഉണ്ടായി രുന്നു. അതുകൊണ്ടു ക്രിസ്തു മറുപടി പറഞ്ഞു, "ആമേൻ, ആമേൻ,[35] ഞാൻ നിന്നോടു പറയുന്നു, പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാൺമാൻ ആർക്കും കഴിയുകയില്ല" (3:3).

യേശുവിന്റെ ശിഷ്യനാകുവാൻ പോകുന്ന ഒരാളിൽ ഉണ്ടാകേണ്ട നാടകീയ മാറ്റത്തെ പ്രകടിപ്പിക്കുന്ന പുതുജനനം എന്നതിന്റെ രൂപം വളരെ

പ്രാധാന്യമുള്ള ഒന്നാണ്. എങ്ങനെയായാലും, യേശുവിന്റെ ഉദ്ദേശം, ശിഷ്യത്വത്തിന്റെ[36] നിബന്ധനകൾ നിരത്തുകയായിരുന്നില്ല. സഭ സ്ഥാപിച്ച ശേഷം, ക്രിസ്ത്യാനിയാകുവാൻ "പുതുതായി ജനിക്കണം" എന്ന് ആരോടും കല്പിച്ചിട്ടില്ല. പകരം, ആത്മാർത്ഥമായി അന്വേഷിച്ചവരോട് പറഞ്ഞതു വിശ്വസിക്കുവാനും, മാനസാന്തരപ്പെടുവാനും, സ്നാനം ഏല്ക്കുവാനുമാണ് (പ്രവൃത്തികൾ 2:37, 38; 22:16).[37]

മറിച്ച്, യേശുവിന്റെ ഉദ്ദേശം മശിഹാരാജ്യത്തിന്റെ സ്വഭാവം ഊന്നി പറയുക എന്നതായിരുന്നു: ഭൗമികജനനത്താൽ പ്രവേശിക്കാവുന്ന ഒരു ഭൗതിക രാജ്യമല്ല അത് (യിസ്രായേൽ രാജ്യത്തെ പോലെ). മറിച്ച്, അതു സ്വർഗീയ ജനനത്താൽ പ്രവേശിക്കാവുന്ന ഒരു സ്വർഗീയ രാജ്യമായിരുന്നു (അല്ലെങ്കിൽ സ്വഭാവമാറ്റം). മനുഷ്യ സൈന്യത്താൽ മുന്നോട്ടു നയിക്കപ്പെടേണ്ട ഒരു രാജ്യമല്ല അത്, പിന്നെയോ ദൈവാ ത്മാവിന്റെ പ്രവൃത്തിയാൽ നടത്തപ്പെടേണ്ടതാണ് (വാ. 6–8[38]). ആ ആശയങ്ങൾ നിക്കൊദേമൊസിനു പുതുതായിരുന്നു, അതുകൊണ്ട് അവനു മനസിലാ ക്കുവാൻ പ്രയാസം നേരിട്ടു (വാ. 4, 10).

യോഹന്നാന്റെ വിവരണത്തിൽ മാത്രം യേശുവിന്റെ അടിസ്ഥാന സന്ദേശം വിപുലമായി രേഖപ്പെടുത്തിയിട്ടുണ്ട്. ആലോചനാനിരതമായ ഭാഗങ്ങൾ കൊണ്ട് അറിയപ്പെടുന്ന പുസ്തകമാണ് യോഹന്നാന്റേത്. ആ വാക്കുകൾ യേശുവിന്റെ നിക്കൊദേമൊസിനോടുള്ള സംസാരത്തിന്റെ തുടർച്ചയാണോ അതോ ദൈവശ്വാസീയമായ യോഹന്നാന്റെ പരാമർശങ്ങളാണോ, എന്നു നമുക്ക് അറിയില്ല.[39] എങ്ങനെയായാലും, അവയിൽ ധാരാളം താൽപര്യം ജനിപ്പിക്കുന്ന സത്യങ്ങൾ അടങ്ങിയിട്ടുണ്ട് – യേശുവിനെ "ഉയർത്തേണ്ടതാണ്" (ക്രൂശിൽ) (വാ. 14) എന്നു വസ്തുതയും യേശുവാണ് ക്രിസ്തു (മശിഹ) എന്നു വിശ്വസിക്കേണ്ടതിന്റെ ആവശ്യകതയും (വാ. 15, 16, 18) അതിൽ ഉൾപ്പെടുന്നവയാണ്.

തിരുവെഴുത്തിലെ ഏറ്റവും സുപരിചിതമായ വേദഭാഗം ആ പ്രസംഗ ത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്: യോഹന്നാൻ 3:16, അതു "ബൈബിളിലെ സുവർണ്ണ വാക്യം" എന്നറിയപ്പെടുന്നു. രക്ഷയെ കുറിച്ച് നാം അറിയേണ്ട തെല്ലാം അതിൽ അടങ്ങിയിട്ടില്ല (ചിലർ അവകാശപ്പെടുന്നതു പോലെ), പക്ഷെ അതു ദൈവത്തിനു നമ്മോടുള്ള സ്നേഹത്തെ കാണിക്കുന്ന മനോഹരവും ശക്തവുമായ പ്രസ്താവന*യാണ്*.

### യെഹൂദ്യയിലെ ആദ്യ ശുശ്രൂഷ[40]
### (യോഹ. 3:22-36)

യെരുശലേമിലെ പെരുന്നാളിനു ശേഷം, യേശുവും തന്റെ ശിഷ്യന്മാരും പ്രസംഗത്തിനും ഉപദേശത്തിനുമായി യെഹൂദ്യാ നാടുകളിലേക്ക് പോയി. ആ ശുശ്രൂഷയുടെ കാലയളവു മൂന്നു മാസമോ എട്ടുമാസമോ ആയിരുന്നേക്കാം. ആ കാലത്തെ സംബന്ധിച്ച് ചെറിയ രണ്ട് വിവരണങ്ങൾ നമ്മോട് പറയുന്നുണ്ട്. ഒന്ന്, ക്രിസ്തു തന്റെ ശിഷ്യന്മാരുമൊത്ത് "സമയം ചെലവഴിച്ചിരുന്നു''; അവനെ അവർ അറിയേണ്ടതിനു അവരെ ഉപദേശിക്കയായിരുന്നു. രണ്ട്, മുന്നാലെ വന്നവൻ ചെയ്തതു പോലെ[41] അവൻ "സ്നാനപ്പെടുത്തി" കൊണ്ടിരുന്നു (വാ. 22).

യേശുവിന്റെ യെഹൂദ്യാ ശുശ്രൂഷ വിജയകരമായിരുന്നു, കാരണം

യോഹന്നാന്റെ ശിഷ്യന്മാർ പരാതിപ്പെട്ടു, “ഇതാ, അവൻ തന്റെ അടുക്കൽ വരുന്നവരെ ഒക്കെയും സ്നാനം കഴിപ്പിക്കുന്നു'' (വാ. 26). അടുത്ത അദ്ധ്യായം പറയുന്നത് “യേശു യോഹന്നാനേക്കാൾ അധികം ശിഷ്യന്മാരെ ചേർത്തു (യേശു ആയിരുന്നില്ല, തന്റെ ശിഷ്യന്മാരായിരുന്നു സ്നാനം കഴിപ്പിച്ചിരുന്നത്) സ്നാനം കഴിപ്പിച്ചുകൊണ്ടിരുന്നു” എന്നാണ് (4:1, 2).

യേശുവിന്റെ വിജയം യോഹന്നാൻ സ്നാപകൻ സ്വാഗതം ചെയ്തെങ്കിലും, അവന്റെ കൂടെ ഉണ്ടായിരുന്ന ശിഷ്യന്മാർക്ക് അതു സ്വീകാര്യമായില്ല. അവർക്ക് അസൂയയാണ് ഉണ്ടായത് (വാ. 26). സൈന്യാധിപന്മാർ തമ്മിലുള്ള അസൂയ നിമിത്തം യുദ്ധങ്ങൾ പരാജയപ്പെട്ടിട്ടുണ്ട്. കർത്താവിന്റെ വേലയിലുള്ള യോജിപ്പിനും അസൂയ നിരന്തരമായ ഭീഷണിയായിട്ടുണ്ട്.

തന്റെ ശിഷ്യന്മാരുടെ പരാതി നിമിത്തം യേശു ആരായിരുന്നു എന്നു പരോധിക്കുവാൻ യോഹന്നാൻ നിർബന്ധിതനായി (വാ. 27–35). യേശുവിനെ മശിഹയായി വിശ്വസിക്കേണ്ടതിന്റെ പ്രാധാന്യം യോഹ ന്നാൻ സ്നാപകൻ ഊന്നി പറയുകയുണ്ടായി:[42] “പുത്രനിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ട്; പുത്രനെ അനുസരിക്കാത്തവനോ ജീവനെ കാണുകയില്ല, ദൈവക്രോധം അവന്റെമേൽ വസിക്കുന്നതേയുള്ളൂ'' (വാ. 36). വിശ്വാസത്തിന്റെയും അനുസരണത്തിന്റെയും ആശയത്തെ മാറിമാറി[43] ഉപയോഗിച്ചിരിക്കുന്നതു ശ്രദ്ധിക്കുക. രക്ഷിക്കുന്ന വിശ്വാസം അനുസരണമുള്ള വിശ്വാസമാണ് (യാക്കൊബ് 2:20; നോക്കുക റോമർ 1:5; 16:26).

ഒരിക്കൽകൂടി യോഹന്നാൻ തന്റെ ഉത്തരവാദിത്വത്തെ വിവരിച്ചപ്പോൾ (വാ. 28, 29), തിരുവെഴുത്തിലുള്ള ഒരു മഹത്തായ പ്രവണതയെ കുറിച്ചു അവൻ പറഞ്ഞു: “ഞാനോ കുറയേണം, അവനോ വളരേണം” (വാ. 30). നിങ്ങൾ ആരായാലും ശരി, നിങ്ങളുടെ സ്ഥാനത്തു പകരം മറ്റൊരാൾ വരുന്നതിനു നിങ്ങൾ വഴി മാറി കൊടുക്കുന്ന ഒരു സമയം വരും. “ഞാനോ കുറയേണം, അവനോ (അവളോ) വളരേണം'' എന്നു നമുക്ക് ഓരോരുത്തർക്കും, ശത്രുതയില്ലാതെ പറയുവാൻ കഴിഞ്ഞാൽ, എന്തെല്ലാം വിഷമതകൾ ഒഴിവാക്കുവാൻ കഴിയുമായിരുന്നു.

**ഉപസംഹാരം**

“ഞാൻ അതൊരിക്കലും ചെയ്തിട്ടില്ലല്ലൊ” എന്നു പറഞ്ഞു, പുതിയ കാര്യങ്ങൾ ചെയ്യുവാൻ ശ്രമിക്കുന്നതിന് ചിലർ മടിക്കും. അത്തരം ന്യായീകരണം ഉചിതമായിരുന്നുവെങ്കിൽ, ആരും ഒന്നിനും ഇതുവരെ ശ്രമിച്ചിരിക്കുകയില്ല. ഒരു ശിശു ആദ്യ വാക്കു സംസാരിക്കയോ ആദ്യ ചുവടുവെയ്ക്കുകയോ ഇല്ല. ഒരു കുട്ടി ഒരിക്കലും വായിക്കുവാൻ പഠിക്കുകയില്ല. പുരുഷന്മാരും സ്ത്രീകളും പുതിയ കഴിവുകൾ കൈവരിക്കുകയില്ല. സ്ത്രീപുരുഷന്മാർക്ക് മക്കളും ഉണ്ടാവുകയില്ല. ഓർമ്മിക്കുക: എല്ലാറ്റിനും ഒരു ആദ്യം ഉണ്ടാകണം. ഒരു പുതിയ പ്രവൃത്തി നല്ലതും ആവശ്യവുമാണെങ്കിൽ, അതു ചെയ്യുവാൻ *ശ്രമിക്കുക*. നിങ്ങൾക്കു തന്നെ ആശ്ചര്യം തോന്നും!

കുറിപ്പുകൾ

[1]യോഹന്നാൻ 5:1–ൽ പറഞ്ഞിരിക്കുന്ന "പെരുന്നാൾ" പെസഹ ആയിരിക്കുമെന്നു ഈ ബാഹ്യരൂപരേഖ കരുതുന്നു. [2]അതു യോഹന്നാനാണെന്നു വിശ്വസിക്കുവാൻ വിവിധ കാരണങ്ങളുണ്ട്: (1) താഴെ പറയുന്ന കാര്യങ്ങൾ ഒരു ദൃക്സാക്ഷി പറയുന്നതു പോലെയാണ് വിവരിച്ചിരിക്കുന്നത്; (2) പേർ പറയാതിരിക്കുന്നതു യോഹന്നാന്റെ പരിശീലന മായിരുന്നു (അടുത്ത കുറിപ്പ് നോക്കുക); (3) അതു യോഹന്നാൻ ആയിരുന്നി ല്ലെങ്കിൽ, അവനെ ശിഷ്യനായി വിളിച്ചതിന്റെ ഒരു വിവരവും നല്കുമായിരുന്നില്ല. [3]മറ്റു ഏഴു സന്ദർഭങ്ങളിലും, അവൻ തന്റെ പേർ പറയാതിരുന്നിട്ടുണ്ട് (യോഹന്നാൻ 13:23; 19:26, 35; 20:2–8; 21:7, 20, 24). [4]യെഹൂദർ സമയം സൂര്യാസ്തമയം മുതൽ സൂര്യോദയം വരെയും സൂര്യോദയം മുതൽ സൂര്യാസ്തമയം വരെയും നോക്കി കണക്കാക്കിയിരുന്നു. [5]യെരുശലേം തകർച്ച സംഭവിച്ചു വളരെ കാലത്തിനു ശേഷം ഇതെഴുതിയതു കൊണ്ടും, യോഹന്നാൻ റോമാസമയം പിന്നീടു ഉപയോഗിച്ചതുകൊണ്ടും (പിന്നീടുള്ള ഒരു പുസ്തകത്തിൽ യോഹന്നാൻ 20:19–നെ സംബന്ധിച്ചുള്ള വിമർശനങ്ങൾ നോക്കുക), മിക്ക എഴുത്തുകാരും ചിന്തിക്കുന്നത് രാവിലെ 10.00 മണിയാണ് ഉദ്ദേശിച്ചിരിക്കുന്നത് എന്നാണ്. [6]നാം കാണുവാൻ പോകുന്നതുപോലെ, അവർ ഉപയോഗിച്ച വാക്കുകളുടെ *എല്ലാ* സൂചനകളും അവർക്ക് മനസിലായിരുന്നില്ല – എന്നാൽ, മശിഹയെ കുറിച്ചുള്ള പഴയനിയമ വാഗ്ദാനങ്ങളുടെ എല്ലാം നിറവേറലായിരുന്നു യേശു, എന്ന് മാത്രം അവർ തിരിച്ചറിഞ്ഞിരുന്നു. [7]"മനുഷ്യപുത്രന്മേൽ ദൈവത്തിന്റെ ദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്തുകൊണ്ടിരുന്നു" (വാ. 51) എന്നതിനെ കുറിച്ചുള്ള യേശുവിന്റെ നിഗൂഢത യുള്ള പ്രസ്താവന ഒരുപക്ഷെ യാക്കൊബിന്റെ കോവണിയെ കുറിച്ചുള്ള പഴയനിയമകഥയെ അടിസ്ഥാനപ്പെടുത്തിയത് ആയിരിക്കാം (ഉല്പത്തി 28:12). അവന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയാൽ, യേശു മനുഷ്യർക്ക് സ്വർഗത്തിലേക്ക് പോകുവാനുള്ള ദൈവത്തിന്റെ "കോവണി" യായി തീരുന്നു. [8]ആ അഭിപ്രായത്തിന് വിവിധ കാരണങ്ങളുണ്ട്. യേശുവിന്റെ ശേഷിച്ച ആദ്യശിഷ്യന്മാർ പിന്നീട് അവന്റെ അപ്പൊസ്തലന്മാരായി തീർന്നു എന്ന വസ്തുത അവയിലുണ്ട്. "അവരിൽ നഥനയേലിനെ പ്രശംസിച്ചതു പോലെ മറ്റാരെയും പ്രശംസിച്ചിരുന്നില്ല," എന്നു ജെ. ഡബ്ലിയു. മെക്ഗാർവേ പറഞ്ഞതുപോലെ (ജെ. ഡബ്ളിയു. മെക്ഗാർവേയും ഫിലിപ്പ് വൈ. പെന്റിൽറ്റണും, *ദ ഫോർ ഫോൾഡ് ഗോസ്പെൽ ഓർ എ ഹാർമണി ഓഫ് ദ ഫോർ ഗോസ്പെൽസ്* [സിൻസിനാറ്റി: സ്റ്റാന്റേർഡ് പബ്ളിഷിങ്ങ് കമ്പനി., 1914], 111). [9]യോഹന്നാൻ 1:35–51 ൽ അഞ്ചു ശിഷ്യന്മാരെ പ്രത്യേകമായി പറയുന്നുണ്ട്: പേർ പറയുന്ന നാലുപേരും പേർ പറയാത്ത ഒരാളും, അയാൾ ഒരുപക്ഷെ ലേഖകൻ ആകാം. യോഹന്നാനും തന്റെ സഹോദരനായിരുന്ന യാക്കൊബിനെ കൊണ്ടു വന്നു എന്നു സന്ദർഭം സൂചിപ്പിക്കുന്നതായി ചിലർ കരുതുന്നു. അങ്ങനെയാണെങ്കിൽ, യേശു വടക്കോട്ട് യാത്ര തിരിച്ചപ്പോൾ കുറഞ്ഞത് ആറു ശിഷ്യന്മാരുണ്ടായിരുന്നു. [10]യേശു പലപ്പോഴും ശിഷ്യത്വത്തിന്റെ വെല്ലുവിളികളെ കുറിച്ചു പറഞ്ഞിട്ടുണ്ട് (ലൂക്കൊസ് 14:26, 27, 33; യോഹന്നാൻ 15:8). സഭ സ്ഥാപിച്ചശേഷം, സഭയിലെ അംഗങ്ങളെ സാധാരണ അറിയപ്പെട്ടത് "ശിഷ്യന്മാർ" എന്നാണ് (പ്രവൃത്തികൾ 6:1, 2, 7; 9:1).

[11]"ക്രിസ്തുവിന്റെ കാലത്തെ പാലസ്തീൻ" എന്ന പടം നസറെത്തിൽനിന്നു നാലു മൈൽ അകലെ, വടക്കുകിഴക്കായി കാനാ സ്ഥിതിചെയ്തിരുന്നതായ പഴയവിശ്വാസത്തെ സൂചിപ്പിക്കുന്നു. ആ പ്രദേശം നസറെത്തിനു വടക്കായി പത്തോ പന്ത്രണ്ടോ മൈൽ അകലെ ആണെന്നാണ് ചില പണ്ഡിതന്മാർ കരുതുന്നത്. [12]യോഹന്നാന്റെ പുസ്തകത്തിൽ ''നാഴിക'' എന്ന വാക്ക് പലപ്പോഴായി

ഉപയോഗിച്ചിരിക്കുന്നു, അതു സൂചിപ്പിക്കുന്നതു ക്രൂശിലെ ക്രിസ്തുവിന്റെ മരണത്തെയാണ്. (നോക്കുക 2:4; 4:21, 23; 5:25, 28; 7:30; 8:20; 12:23, 27; 13:1.) അത്ഭുതങ്ങൾ തന്റെ ശത്രുക്കളുടെ ശ്രദ്ധയെ ആകർഷിച്ചു അങ്ങനെ അവന്റെ മരണം പെട്ടെന്നാക്കുമെന്നു യേശുവിനു അറിയാമായിരുന്നു. [13]ഞാൻ താമസിക്കുന്ന സ്ഥലത്ത്, ഒരാൾ തന്റെ അമ്മയെ "സ്ത്രീ" എന്നു വിളിക്കുന്നത് ആദരവില്ലാത്ത രീതിയായി കണക്കാക്കുന്നു. [14]ഏണെസ്റ്റ് ഒ. ഹോസർ, "മേരി, മദർ ഓഫ് ക്രൈസ്റ്റ്," *റീഡേഴ്സ് ഡൈജസ്റ്റ്* (ഡിസംബർ 1971): 171. [15]കഴുകൽ ചടങ്ങിനായി അവിടെ ആറു കല്പാത്രങ്ങളുണ്ടായിരുന്നു (മർക്കൊസ് 7:3 നോക്കുക). ഗ്രീക്കു വേദഭാഗം പറയുന്നതു അവ ഓരോന്നിലും രണ്ടോ മൂന്നോ *പറ* കൊള്ളുകയും അതു വക്കോളം നിറയ്ക്കുകയും ചെയ്തിരുന്നു എന്നാണ് (യോഹന്നാൻ 2:7). ഇന്നത്തെ വാക്കിൽ പറഞ്ഞാൽ, അതു ഏകദേശം ഓരോ പാത്രത്തിലും ഇരുപതോ മുപ്പതോ ഗ്യാലൻ കാണും (അല്ലെങ്കിൽ 75 മുതൽ 115 ലിറ്റർ). [16]ആ പ്രദേശത്തെ ആളുകൾ സാധാരണ കുടിക്കാറുള്ളതു ഒരു ഭാഗം വീഞ്ഞിൽ ആറുഭാഗം വെള്ളം ചേർത്താണ് എന്നു പറയപ്പെട്ടിട്ടുണ്ട്. [17]വാക്യം 10–നെ കുറിച്ചു പലപ്പോഴും ഉദ്ധരിച്ച വാക്കുകൾ വീഞ്ഞിൽ ലഹരി ഉണ്ടായിരുന്നാലും ഇല്ലെങ്കിലും വാസ്തവമായിരിക്കും. [18]അതായതു, പഴയനിയമത്തിലെ ഗ്രീക്ക് തർജ്ജിമയിൽ ആ വാക്കുകൾ പ്രത്യക്ഷപ്പെടുന്നുണ്ട് (സെപ്റ്റജിന്റ്). [19]"അത്ഭുതങ്ങൾ" എന്നതിനെയും "അടയാളങ്ങൾ" എന്നതിനെയും കുറിച്ചു കൂടുതൽ വിവരങ്ങൾക്ക് ഈ പുസ്തകത്തിൽ ആദ്യം വന്നിട്ടുള്ള "യോഹന്നാന്റെ പുസ്തകം: ക്രിസ്തു, എന്ന ദൈവപുത്രൻ," എന്ന പാഠം നോക്കുക. [20]"ക്രിസ്തുവിന്റെ സമയത്തെ പാലസ്തീൻ" എന്ന ഭൂപടം നോക്കുക.

[21]സ്പഷ്ടമായും, അന്ത്രെയാസും പത്രൊസും താമസം പിന്നീട് കഫർന്നഹൂമിലേക്ക് മാറ്റി (മർക്കൊസ് 1:21, 29). [22]മിസ്രയീമിലായിരുന്ന യിസ്രായേല്യരുടെ വാതിൽപടിമേൽ കുഞ്ഞാടിന്റെ രക്തം കണ്ട് ദൈവം അവരെ "കടന്നുപോകുന്ന" തിന്റെ ഓർമ്മക്കായിരുന്നു പെസഹ പെരുന്നാൾ ആഘോഷിച്ചിരുന്നത് (പുറപ്പാട് 12:1–28). ഈ പുസ്തകത്തിൽ "യെഹൂദന്മാരുടെ പെരുന്നാളുകൾ" എന്ന ചാർട്ട് ഉള്ളതു നോക്കുക. [23]യോഹന്നാനിൽ സൂചിപ്പിച്ചിട്ടുള്ള പെസഹയുടെ പ്രാധാന്യം അറിയുവാൻ, അനുബന്ധ ഭാഗത്തുള്ള "ക്രിസ്തുവിന്റെ വ്യക്തിപരമായ ശുശ്രൂഷ എത്ര നാൾ ഉണ്ടായിരുന്നു?" എന്നതു നോക്കുക. [24]ഇതിനെ അവന്റെ ശുശ്രൂഷയുടെ അവസാനത്തെ ആഴ്ച്ചയിലെ ദൈവാലയ ശുദ്ധീകരണവുമായി തെറ്റിദ്ധരിക്കരുത് (മത്തായി 21:12, 13). [25]സ്ഥിരമായ ആവശ്യകതയായി അതിനെ സൂചിപ്പിക്കുന്നില്ല എങ്കിൽ പോലും, യെഹൂദാധികാരികൾ അതിനെ പുറപ്പാട് 30:13–ൽ ആണ് അടിസ്ഥാനപ്പെടു ത്തി പറയുന്നത്. മത്തായി 17:24–27 ലെ സംഭവം ആ നികുതി കൊടുക്കുന്നതിനെ കുറിച്ചാണ് പറയുന്നത്. [26]ഈ പുസ്തകത്തിൽ കാണുന്ന "യെഹൂദന്മാരുടെ പെരുന്നാളുകൾ" എന്ന ചാർട്ട് നോക്കുക. [27]"ദൈവാലയം" എന്നതിനു രണ്ടു ഗ്രീക്ക് വാക്കുകളാണുള്ളത്. ഒന്ന് (*നാവോസ്*) സൂചിപ്പിക്കുന്നതു ദൈവാലയത്തിന്റെ വിശുദ്ധ ഭാഗത്തെയാണ്. മറ്റൊന്ന് (*ഹിയെറോൺ*) സൂചിപ്പിക്കുന്നതു ജാതികളുടെ പ്രാകാരം അടക്കമുള്ള, മൊത്തം ദേവാലയ കെട്ടിടത്തെയാണ്. രണ്ടാമത്തെയാണ് ഇവിടെ ഉപയോഗി ച്ചിരിക്കുന്നത്. ജാതികളുടെ പ്രാകാരം എവിടെയാണെന്നു കാണുവാൻ, ഈ പുസ്തകത്തിലുള്ള ദൈവാലത്തിന്റെ ചിത്രം നോക്കുക. [28]ഇവിടെ "ദൈവാലയം" എന്നു തർജ്ജിമചെയ്തിരിക്കുന്ന ഗ്രീക്ക് വാക്ക് *നാവോസ്* എന്നതാണ്. കുറിപ്പ് 27 നോക്കുക. [29]യേശു എപ്പോൾ ജനിച്ചു എന്നു കണക്കാക്കുന്നതിന് നാല്പത്തി–ആറ് വർഷത്തെ കുറിച്ചുള്ള ആ സൂചന ഉപയോഗിക്കുന്നു. അനുബന്ധഭാഗത്ത് കാണുന്ന "ക്രിസ്തു എപ്പോഴാണ് ജനിച്ചത്?" എന്ന പാഠം നോക്കുക. [30]യേശുവിന്റെ ആ പ്രസ്താവന അവരിൽ മതിപ്പ് ഉളവാക്കി.

പ്രവചനത്തെ കുറിച്ചുള്ള അവരുടെ തെറ്റായ വ്യാഖ്യാനം ക്രിസ്തുവിന്റെ വിചാരണ സമയത്ത് കൊണ്ടുവരികയുണ്ടായി (മർക്കൊസ് 14:58).

[31]ഈ സമയത്ത്, യേശു ഭൂതങ്ങളെ പുറത്താക്കുന്നതിനെ കുറിച്ചു, ഒരു സൂചനയുമില്ല. ആദ്യമായി അവൻ ഭൂതത്തെ പുറത്താക്കിയതു രേഖപ്പെടുത്തിയിരിക്കുന്നത് മർക്കൊസ് 1:23–28 ലും ലൂക്കൊസ് 4:33–37 ലും കാണാം. അപ്പോഴത്തെ അമ്പരപ്പ് സൂചിപ്പിക്കുന്നതു ഭൂതത്തെ പുറത്താക്കുന്നത് യേശുവിന്റെ ശക്തിയുടെ ഒരു പുതിയ പ്രകടനമായിരുന്നു എന്നാകാം. [32]നിക്കൊദേമൊസ് തീർച്ചയായും ന്യായാധിപസഭയിലെ അംഗമായിരുന്നു (യോഹന്നാൻ 7:45–52 നോക്കുക). [33]നേരെ മറിച്ച്, യേശുവും നിക്കൊദേമൊസും കണ്ടുമുട്ടിയിരുന്നത് ഈ സന്ദർഭത്തിൽ മാത്രമായിരിക്കാം. [34]നിക്കൊദേമൊസ് യേശുവിനെ വിളിച്ച "റബ്ബീ" എന്നത്, ബഹുമാന സൂചക മായ പേരായിരുന്നു. [35]കെജെവിയിൽ "ആമേൻ, ആമേൻ" എന്നാണുള്ളത്. "സത്യമായും" എന്നതും "ആമേൻ" എന്നതും "ഏമെൻ" എന്നതിനുള്ള ഗ്രീക്ക് വാക്കിന്റെ തർജ്ജിമാണ്, അർത്ഥം "അത് (അങ്ങനെ) തന്നെ ആകട്ടെ" എന്നാണ്. ആ വാക്കിന്റെ ആവർത്തനം "ഞാൻ പറയുവാൻ പോകുന്നതു *സത്യ*മാണ്!" എന്ന ഊന്നലിനെ ഉറപ്പിക്കുന്ന രീതിയാണ്. [36]പുതുതായി ജനിക്കണം എന്നതിനെ കുറിച്ചുള്ള യേശുവിന്റെ പ്രസ്താവനയിൽ ഒരാൾ ക്രിസ്ത്യാനിയാകുന്നതിനുള്ള നിബന്ധനകളും *അടങ്ങി*യിട്ടുണ്ട്: വിശ്വാസം എന്നത് പല പ്രാവശ്യം പറഞ്ഞിട്ടുണ്ട് (വാ. 15, 16). "വെള്ളത്താലുള്ള ജനനം" എന്നത് സ്നാനത്തെയാണ് സൂചിപ്പിക്കുന്നതെന്ന്, വർഷങ്ങളായി പലരും സമ്മതിച്ചിട്ടുണ്ട് (വാ. 5). എന്നിരുന്നാലും, ആ നിബന്ധനകളെ കുറിച്ച് ആയിരുന്നില്ല യേശുവിന്റെ ഊന്നൽ, എന്നാൽ ദൈവരാജ്യത്തിന്റെ സ്വഭാവത്തെ കുറിച്ചായിരുന്നു. [37]പത്രൊസ് പിന്നീട് ക്രിസ്ത്യാനികളോടു ചൂണ്ടിക്കാട്ടിയത് എന്തെന്നാൽ, അവർ ആ കല്പനകൾ അനുസരിക്കുമ്പോൾ, അവർ "വീണ്ടും ജനിച്ചിരി" *ക്കുന്നു* എന്നാണ് (നോക്കുക 1 പത്രൊസ് 1:22, 23). [38]യേശു ഇവിടെ കാറ്റിനെ കുറിച്ചു ചിത്രീകരിക്കുമ്പോൾ വാക്കുകൾകൊണ്ട് അമ്മാനമാടുകയാണ്: "ആത്മാവ്" എന്നതിന്റെ ഗ്രീക്കുവാക്കും "കാറ്റ്" എന്നതിന്റെ ഗ്രീക്കു വാക്കും ഒന്നുതന്നെയാണ്. കാറ്റിനെ നമുക്ക് കാണുവാൻ കഴിയുകയില്ല, പക്ഷെ അതിന്റെ പ്രവൃത്തി നമുക്ക് അനുഭവപ്പെടും. അതുപോലെയാണ് ആത്മാ വിന്റെ പ്രവൃത്തിയും. [39]അവ യേശുവിന്റെ വാക്കുകളായി എടുക്കുന്നതാണ് ലളിതമായ സമീപനം, അങ്ങനെയാണ് എൻഏഎസ്ബിയിൽ അവയെ എടുക്കുന്നത്. [40]പിന്നീട് തന്റെ ശുശ്രൂഷയിൽ, യേശു മൂന്നു മാസത്തോളം യെഹൂദ്യയിൽ ഉപദേശിക്കുന്നുണ്ട്.

[41]ആ സ്നാനം സ്പഷ്ടമായും യോഹന്നാന്റെ സ്നാനത്തിന്റെ തുടർച്ച യായിരുന്നു, അതുകൊണ്ട്, അതു ഒരുക്കസ്നാനവുമായിരുന്നു. [42]ആ വേദഭാഗത്തിൽ, യേശുവിന്റെ നിക്കൊദേമൊസിനോടുള്ള സംഭാഷണ ത്തിലുള്ളതുപോലെ, പ്രാസംഗികരുടെ വാക്കുകൾ എവിടെ അവസാനിച്ചു എന്നും സുവിശേഷ എഴുത്തുകാരുടെ വാക്കുകൾ എവിടെ തുടങ്ങി എന്നും അറിയുവാൻ പ്രയാസമാണ്. എൻഏഎസ്ബിയിൽ ആ വാക്കുകളെല്ലാം യോഹന്നാൻ സ്നാപ കന്റേതായി പറഞ്ഞിരിക്കുന്നു. [43]കെജെവിയിൽ "ബിലീവെത്ത്" എന്ന വാക്ക് വാക്യത്തിൽ രണ്ട് പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്, എന്നാൽ കുറച്ചുകൂടി നല്ല ഗ്രീക്ക് കയ്യെഴുത്തു പ്രതിയിൽ വ്യത്യസ്തമായ രണ്ടു വാക്കുകളാണ് ഉപയോഗിച്ചിരിക്കുന്നത്.